## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം – ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയ – ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-1. ഉത്തരവ് നം. ഇ.എസ്.2-88500/14/ആ.വ.ഡ., തീയതി: 26/06/2015.
2. ഉത്തരവ് നം. ഇ.എസ്.2-85350/17/ആ.വ.ഡ., തീയതി: 15/05/2019.
3. ഉത്തരവ് നം. ഇ.എസ്.2-67652/20/ആ.വ.ഡ., തീയതി: 28/09/2020.
4. ഉത്തരവ് നം. ഇ.എസ്.2-67652(1)/20/ആ.വ.ഡ., തീയതി: 28/09/2020.
5. ഈ കാര്യാലയത്തിലെ ഇതേ നം. ഉത്തരവ്, തീയതി: 06/10/2020.

### ഉത്തരവ് നം. ഇ.ഡി.1-3/2020/ആ.വ.ഡ., തീയതി : 15/12/2020.

പരാമർശം ഉത്തരവ് (5) പ്രകാരം പുറപ്പെടുവിച്ച സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ ഉത്തരവിൽ ഉൾപ്പെടാത്ത യോഗ്യരായ ജീവനക്കാർക്ക് നിശ്ചിത സമയത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധം 1 -ൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർ പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിരുന്നില്ല എന്ന് കാണിച്ച് അപ്പീൽ സമർപ്പിച്ചിരിക്കുന്നു. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തികൾക്ക് സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുണ്ടെന്ന് ബോധ്യപ്പെട്ടു.

പ്രസ്തുത സാഹചര്യത്തിൽ അനുബന്ധം 1 -ൽ ഉൾപ്പെടുത്തിയിരിക്കുന്ന എം .ഒ.പി., അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) എന്നിവ പാസായിട്ടുള്ളതും പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടുള്ളതും അച്ചടക്ക നടപടികൾ നിലവിലില്ലാത്തതുമായ ക്ലാർക്കുമാരെ 25,200 – 54,000 ശമ്പള സ്കെയിലിൽ 06/10/2020 പ്രാബല്യ തീയതി കണക്കാക്കി സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു . സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന സമയത്ത് ആവശ്യമെങ്കിൽ ടി പ്രാബല്യ തീയതിയിൽ മാറ്റം വരുത്തി ഉത്തരവാകുന്നതാണ് . അനുബന്ധം 1 -ൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ ജോലി സ്വഭാവത്തിൽ മാറ്റം വരാത്ത സാഹചര്യത്തിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തന്നെ തുടരുന്നതാണ് . അനുബന്ധം 1 -ൽ ഉൾപ്പെട്ടിരിക്കുന്ന സീനിയർ ക്ലാർക്കുമാർക്ക് (8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രകാരമുള്ള ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളവർ ഒഴികെ ) ഉത്തരവ് നം. ജി.ഒ.(പി.) നം. 07/2016/ധന., തീയതി 20/01/2016 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകിയ അനുബന്ധം 1 -ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപ് സ്ഥാപന മേധാവികൾ താഴെ പറയുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

1. സീനിയോറിറ്റി പട്ടികയിലെ റാങ്ക് നം.
2. പേര്
3. ജനന തീയതി
4. പരിവീക്ഷണ കാലം പൂർത്തിയാക്കിയ തീയതി
5. എം.ഒ.പി., അക്കൗണ്ട്ടെസ്റ്റ് എന്നിവയുടെ സർട്ടിഫിക്കറ്റ്

ജില്ലാ മെഡിക്കൽ ഓഫീസർമാർ /സ്ഥാപന മേധാവികൾ തെറ്റായ വിവരങ്ങൾ നൽകിയതിലൂടെ സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നേടിയിട്ടുള്ള ക്ലാർക്കുമാർ അനുബന്ധം 1 -ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഉദ്യോഗക്കയറ്റം ഈ ഉത്തരവ് തീയതി

മുതൽ അസാധുവാകുന്നതാണ് . സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ജോലിയിൽ പ്രവേശിച്ച തീയതി എല്ലാ സ്ഥാപന മേധാവികളും അടിയന്തിരമായി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും /സ്ഥാപന മേധാവികൾക്കും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്കും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരങ്ങൾ എല്ലാ സ്ഥാപന മേധാവികളും സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ്, ഓപ്ഷൻ മുതലായവ സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
കുമാരി ബീന വി. റ്റി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മേലധികാരി മുഖേന)

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

<u>അനുബന്ധം – 1</u>

| ക്രമ നം. | സീനിയോറിറ്റി ലിസ്റ്റ് | റാങ്ക് നം. | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | പേരും, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 01/08/1990 മുതൽ 31/12/1993 വരെ | 68 എ | 01/03/1967 | 06/12/1991 | ശ്രീ. സിദ്ദിഖ് കെ. കെ. പി.എച്ച്.സി. കിഴക്കോത്ത്, കോഴിക്കോട് | |
| 2. | 01/01/2009 മുതൽ 31/12/2013 വരെ | 255 | 07/12/1984 | 13/08/2012 | ശ്രീമതി ഷീനാമോൾ പി. പി. സി.എച്ച്.സി. ചിത്തിരപുരം, ഇടുക്കി | |
| 3. | | 421 ഇ. | 25/05/1976 | 08/11/2013 | ശ്രീമതി ബിന്ദു എ. ആർ. ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി | |
| 4. | 01/01/2014 മുതൽ 31/12/2016 വരെ | 11 | 21/05/1974 | 17/02/2014 | ശ്രീമതി രഞ്ജിത റാവു താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട് കൊച്ചി | |
| 5. | | 18 | 21/05/1985 | 13/03/2014 | ശ്രീ. പ്രശാന്ത് പി. സി.എച്ച്.സി. പെരുങ്കടവിള, തിരുവനന്തപുരം | ക്ലാർക്ക് ടൈപ്പിസ്റ്റ് (കെ.എസ്.&എസ്.എസ്.ആർ. 13 എ പ്രകാരം യോഗ്യതാ പരീക്ഷയിൽ താൽക്കാലിക ഇളവ്) |
| 6. | | 45 | 05/04/1976 | 06/06/2014 | ശ്രീമതി സിന്ധു ആർ. വി. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), എറണാകുളം | ക്ലാർക്ക് ടൈപ്പിസ്റ്റ് |
| 7. | | | 28/05/1985 | 26/09/2012 | ശ്രീമതി ദീപമോൾ വി. ജി. താലൂക്ക് ആശുപത്രി, പാമ്പാടി, കോട്ടയം | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് |
| 8. | | | 24/02/1982 | 24/02/2014 | ശ്രീമതി ജാസ്മി എൻ. എ. ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി, കോട്ടയം | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് |

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**